കേരള **സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ .ബിജു.കെ-യുടെ മെഡിക്കൽ റീ-ഇംപേഴ്സ് മെന്റ് ക്ലെയിം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 1622/2018/ തസ്വഭവ, തിരുവനന്തപുരം, തീയതി: 14/06/2018

പരാമർശം : 1) ശ്രീ.ബിജു.കെ, വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ, പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് സമർപ്പിച്ച 15/10/2015- ലെ അപേക്ഷ.

2) ഗ്രാമവികസന കമ്മീഷണറുടെ 23/12/2016 തീയതിയിലെ 21122/ എസ്റ്റാ.സി1/17/ സിആർഡി നമ്പർ കത്ത്.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14/10/2016- ലെ (L-Dis) MRI- 66785/16 /DHS നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ ആയ ശ്രീ.ബിജു.കെ-യുടെ മാതാവിന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ് മെന്റ് ആയി അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ക്ളയിമിൽ രൂ.1,00,222/- അനുവദനീയമായ തുകയായി പരാമർശം(3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ ആയ ശ്രീ.ബിജു.കെ-യുടെ മാതാവിന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ, അനുവദനീയ തുകയായി പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത തുകയുടെ 80% ആയ 80,178/- രൂപ (എൺപതിനായിരത്തി ഒരുനൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) ടിയാന് പ്രതിപൂരണം ചെയ്ത നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.ബിജു.കെ, വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ, പെരുമ്പടപ്പ് ബ്ലോക്ക് ഓഫീസ്, മലപ്പുറം (ഗ്രാമവികസന കമ്മീഷണർ മുഖേന)

2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
4) ധനകാര്യവകുപ്പ് (അ.ഒ.നമ്പർ 846452/L4/2018/Fin dated 31/05/2018)
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)ഡിപ്പാർട്ട്മെന്റ് (സർക്കാർ വെ ബ്സൈ റ്റിൽപ്രസിദ്ധീകരിക്കുന്നതിനായി)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ